**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**07 July 2017 / 12 Shawwal 1438 Hijira)**

# THE DEATH OF JESUS (AS) / ഈ സാനബി (അ) യുടെ മരണം

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം** ഈ സാനബി (അ) യുടെ മരണം **എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

മുഹമ്മദ് ഒരു (ദൈവ) ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതൻമാരും കാലഗതി പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു. അപ്പോൾ, അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽ മേൽ പിൻതിരിഞ്ഞു പോവുകയോ ? ഏതൊരാൾ തന്റെ കുതികാലുകളിൽ മേൽ പിൻതിരിഞ്ഞു പോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ് (3 : 145)

ഉഹ്ദ്യുദ്ധ വേളയിൽ ഒരു കിംവദന്തി പരക്കുകയുണ്ടായി അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) കൊല്ലപ്പെട്ടിരിക്കുന്നു എന്ന് ! ഈ സംഭവത്തിലൂടെ ഈ വചനം പരോക്ഷമായി സൂചിപ്പിക്കുന്നത്, ഇത്തരം ഒരു സംഭവം ഉണ്ടായാൽ തന്നെ വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ ഇടറുവാൻ പാടില്ല. ഇതിന് മുൻപ് വന്നിട്ടുള്ള പ്രവാചകന്മാരെല്ലാം മരണപ്പെട്ടുപോയിരിക്കുന്നു. അതുപോലെ അദ്ദേഹവും മരണപ്പെടുന്നതാണ്. ഇസ്ലാമിലെ ദൈവം, ഏകനും പരമോന്നതനുമായ ദൈവം അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാകുന്നു.

## ഒന്നാമത്തെ തെളിവ്

ഉഹ്ദ് ൽ വെച്ചുണ്ടായ ഈ കിംവദന്തിക്ക് ശേഷം 7 വർഷം പിന്നിട്ടപ്പോൾ (ഉഹ്ദ് യുദ്ധത്തിന് ശേഷം) പരിശുദ്ധ പ്രവാചകൻ (സ) വഫാത്തായി. അപ്പോൾ ഉമർ (റ) മദീനയിലെ പള്ളിയിലുണ്ടായിരുന്നു. കയ്യിൽ വാളുമുണ്ടായിരുന്നു. എന്നിട്ടദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകൻ മരിച്ചു എന്നു പറയുന്നവരുടെ ശിരസ്സ് ഞാൻ എടുക്കും. അദ്ദേഹം മരണപ്പെട്ടിട്ടില്ല മറിച്ച് അദ്ദേഹം തന്റെ രക്ഷിതാവിന്റെ അടുക്കലേക്ക് പോയിരുക്കയാണ്. മൂസ (അ) തന്റെ രക്ഷിതാവിന്റെ അടുക്കലേക്ക് പോയതുപോലെ, കപടവിശ്വാസികളെ ശിക്ഷിക്കുവാനായി അദ്ദേഹം മടങ്ങിവരുന്നതാണ്.

ആ സമയം അതായ് പ്രവാചക പ്രഭു(സ) വഫാത്തായ സമയത്ത് ഹസ്രത് അബൂബക്കർ (റ) അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം വിവരമറിഞ്ഞ് ഓടി എത്തി. പ്രവാചകൻ (സ) യുടെ മുറിയിലേക്ക് നേരെ ചെന്നു. അദ്ദേഹം മരണപ്പെട്ടിരിക്കുന്ന വിവരം മനസ്സിലാക്കി. അദ്ദേഹത്തിന്റെ തിരുനെറ്റിയിൽ ചുംബിച്ച ശേഷം അദ്ദേഹം പറഞ്ഞു. താങ്കൾ ജീവിച്ചിരുന്നപ്പോൾ പരിശുദ്ധനായിതീരുന്നതുപോലെ മരണപ്പെട്ടപ്പോഴും പരിശുദ്ധനായിരിക്കുന്നു. തീർച്ചയായും അല്ലാഹു (ത) രണ്ടു മരണം താങ്കൾക്കു നല്കുന്നതുമല്ല. അതിന് ശേഷം അദ്ദേഹം വീടിന് പുറത്തിറങ്ങി. എന്നിട്ട് ഒരു തീരുമാനത്തിലെത്തിചേർന്നു. പള്ളിയിൽ സമ്മേളിച്ചവരോടായി അദ്ദേഹം പറഞ്ഞു. ഹേ ജനങ്ങളെ ! നിങ്ങളിൽ ആരെങ്കിലം മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ അവരിയണം മുഹമ്മദ് മരണപ്പെട്ടിരിക്കുന്നു. ദൈവത്തെ ആരാധിച്ചിരുന്നുവെങ്കിൽ മനസ്സിലാക്കട്ടെ, അവർക്ക് ഉറച്ചു വിശ്വാസിക്കാവുന്ന താണ് അതായത് ദൈവം എന്നെന്നും ജീവിച്ചിരിക്കുന്നവനാണ് എന്നും അവൻ ഒരിക്കലും മരിക്കുന്നവനല്ല എന്നും ! അവരുടെ മുൻപാകെ ഈ വചനം ഓതി കേൾപ്പിക്കുകയുണ്ടായി. (മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുൻപുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കു ന്നു.

മുഹമ്മദ് ഒരു (ദൈവ) ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതൻമാരും കാലഗതി പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു. അപ്പോൾ, അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ

കുതികാലുകളിൽമേൽ പിൻതിരിഞ്ഞു പോവുകയോ ? അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ് (3 : 145)

പരിശുദ്ധ പ്രവാചകൻ (സ) മരിച്ചിരിക്കുന്നത് അത്ഭുതമുളവാക്കുന്ന കാര്യമൊന്നുമല്ല. മുൻ പ്രവാചകന്മാർ മരണപ്പെട്ടിട്ടുണ്ട്. അതുപോലെ അദ്ദേഹവും മരണപ്പെട്ടിരിക്കുന്നു ! ഏറ്റവും അനുയോജ്യമായ ഈ ഖുർആനിക വചനം കേട്ടു കഴിഞ്ഞപ്പോൾ ഉമർ (റ) വും കൂടെ ഉണ്ടായിരുന്നവരും, റസൂൽ (സ) വഫാത്തായിരിക്കുന്നു എന്ന യാഥാർത്ഥ്യം ബോധ്യപ്പെടുകയും അവരെല്ലാവരും ദുഃഖത്തിലാവുകയും ചെയ്തു. ഈ വചനം മുഹമ്മദ് (സ) യ്ക്ക് മുൻപുള്ള എല്ലാ പ്രവാചന്മാരുടെയും മരണം സ്ഥിരീകിരിച്ചിരിക്കുകയാണ്. ഇനി ആരെങ്കിലും ജീവിച്ചിരുന്നവെങ്കിൽ അത് പ്രസ്തുത വചനത്തിലൂടെ വ്യക്തമാകുമായിരുന്നു. മറിച്ച് പ്രസ്തുത വചനം മുൻപ്രവാചകന്മാരുടെ വഫാത്തിന്റെ സ്ഥിരീകരണത്തോടൊപ്പം പരിശുദ്ധപ്രവാചകൻ (സ) യുടെ വഫാത്തിന്റെ തെളിവായിട്ടു കൂടിയാണ് ഉദ്ധരിച്ചിരിക്കുന്നത്.

## രണ്ടാമത്തെ തെളിവ്

മസീഹ്ബ്നു മർയം ഒരു ദൈവദൂതൻ മാത്രമാണ് (അദ്ദേഹത്തെപ്പോലുള്ള ദൈവദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹാസത്യവതിയാണ്. അവർ രണ്ടും പേരും ആഹാരം കഴിക്കാറുണ്ടായിരുന്നു നോക്കുക. അവരുടെ നന്മയ്ക്കുവേണ്ടി എങ്ങനെയാണ് നാം തെളിവുകൾ വിവരിച്ചുകൊടുക്കുന്നത് ! എന്നിട്ടും അവർ എങ്ങനെയാണ് പിന്തിരിഞ്ഞു പൊയ്ക്കളയുന്നതെന്നും നോക്കുക 5 : 76

ഈ വചനം വ്യക്തമാക്കുന്നത് യേശുവിന് മുൻപുള്ള എല്ലാ പ്രവാചകന്മാരും മരണപ്പെട്ടിരിക്കുന്നു എന്നാണ്. ഈ കാര്യം മുസ്ലിംകളും അംഗീകരിക്കേണ്ടതാണ്. തുല്യമായ പദങ്ങളാണ് ഹസ്രത് മുഹമ്മദ് (സ) യുടെ കാര്യത്തിലും ഉപയോഗിച്ചിരിക്കുന്നത്, എന്നിട്ട് എന്തേ അദ്ദേഹത്തിന് മുൻപുള്ള ഒരു പ്രവാചകൻ ഇതുവരെയും മരിച്ചിട്ടില്ല എന്നവർ പറയുന്നത്. ഞാൻ ഉദ്ധരിച്ച ഈ രണ്ടു വചനങ്ങളും തുല്യങ്ങളാണ്. അതു രണ്ടും അർത്ഥമാക്കുന്നത് ഒരേ കാര്യം തന്നെയാണ്. പ്രസ്തുത വചനത്തിലൂടെ മറ്റൊരു കാര്യം ദൈവം നമ്മെ പഠിപ്പിക്കുന്നത്

അവർ ഇരുവരും (ഭൂമിയിലെ) ആഹാരം നിലനില്പിനായി കഴിച്ചിരിന്നു 5 : 176

അതായത്, ഇതുകൊണ്ടർത്ഥമാക്കുന്നത്, യേശുവും അദ്ദേഹത്തിന്റെ മാതാവും ഇരുവരും മനുഷ്യരായിരുന്നു. അവരിൽ ദൈവീക അംശങ്ങളൊന്നുമില്ലായിരുന്നു. സ്വർഗ്ഗത്തിലേക്ക് കരേറുവാൻ ആത്മീയശരീരങ്ങളുമില്ലായിരുന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ നിയമം, ആത്മാവിനെ അലംകൃതമാക്കിയാണ് ഭൂമിയിൽ വസിക്കുവാൻ പര്യാപ്തമായ ശരീരങ്ങളിൽ അവനെ രൂപപ്പെടുത്തിയിട്ടുള്ളത്. ഈ ഭൗതിക ശരീരത്തിൽ ആത്മാവ് വസിക്കുന്നിടത്തോളം കാലം മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട ഈ ശരീരവുമായി കഴിയുന്നിടത്തോളം കാലം, അതുമായി അവന് സ്വർഗ്ഗത്തിലേക്ക് കയറിപോകുവാനോ അവിടെ വസിക്കുവാനോ ഒരിക്കലും സാധിക്കുകയില്ല. എന്നാൽ ആത്മാവിന് സഞ്ചരിക്കുവാൻ കഴിയുന്നതാണ്, എന്നാൽ അവന്റെ ഭൗതികമായ ഭൂമിയിലുള്ള ശരീരം എപ്പോഴും ഭൂമിയിൽ തന്നെ നിലനില്ക്കുന്നതാണ്. മൂന്ന് സാഹചര്യങ്ങളിൽ ഇപ്രകാരമുള്ള ആത്മീയ യാത്ര സംഭവിക്കാവുന്നതാണ്.

1. നിദ്രാവേളയിൽ
2. വെളിപാടുകളും ദർശനങ്ങളും ഉണ്ടാകുമ്പോൾ
3. അന്ത്യയാത്ര അഥവാ മരണം സംഭവിക്കുമ്പോൾ ! ഏതു സാഹചര്യത്തിലായാലും ശരി ഭൂമിയുമായി ബന്ധപ്പെട്ടുനില്ക്കുന്ന ഭൗതിക ശരീരം ഭൂമിയിൽ നിലനില്ക്കുന്നതാണ്. ഏതു രീതിയിലായാലും ശരി ഭൂമിയിൽ തന്നെ പ്രസ്തുത ശരീരം അടക്കം ചെയ്യാവുന്നതാണ്, ഭൗതികമായി പ്രസ്തുത ശരീരം ആകാശത്തിലേക്കോ / സ്വർഗ്ഗത്തിലേക്കോ ഉയർത്തപ്പെടുന്നതുമല്ല.

## മൂന്നാമത്തെ തെളിവ്

നാം അവരെ ദൈവ ദൂതന്മാരെ ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ ചിരകാലം ജീവിക്കുന്നവർ ആയിരുന്നതുമില്ല 21 : 9

അതായത് അവരുടെ ശരീരം മറ്റു മനുഷ്യരുടെ ശരീരം പോലെയാകുന്നു. അവരുടെ പ്രായവും അതുപോലതന്നെ. അവർക്ക് അമരത്വം ഒന്നും നല്കിയിട്ടില്ല. മറിച്ച് ദൈവത്തിലേക്കെത്തിച്ചേരുവാൻ കഴിയുന്നത് മരണത്തിലൂടെയാണ്, അതും മറ്റു മനുഷ്യരെപോലതന്നെ !

എന്റെ സഹോദരീ സഹോദരന്മാരെ ! ശ്രദ്ധിക്കുക ! ഈസ (അ) ജീവിച്ചിരിക്കുന്നും എന്നും നമ്മുടെ പ്രവാചകൻ മുഹമ്മദ് (സ) മരിച്ചു പോയി എന്നുമുള്ള ആശയം വെച്ചുപുലർത്തന്നവരെ സംബന്ധിച്ച് അല്ലാഹു (ത) യ്ക്ക് വളരെയധികം ക്രോധം ജനിപ്പിക്കുന്നതാണ് എന്ന് മനസ്സിലാക്കുക. അല്ലാഹു (ത) പറയുന്നു നിനക്ക് മുൻപ് നാം ഒരു മനുഷ്യനും ചിരകാലായുസ്സു നല്കിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ ? എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. തിൻമകൊണ്ടും നന്മകൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നു. നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങളെ തിരിച്ചു കൊണ്ടുവരുന്നതാണ്. (21 : 35.,36)

ബിദ്അത്തിന്റെ ആൾക്കാരുടെയും അവസ്ഥ വളരെ പരിതാപകരം തന്നെ ! അജ്ഞന്മാരായ അവരുടെ മുരീദുകളുടെയും ! അവർ മുഹമ്മദ് (സ) നെ സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുന്നു. എന്നാൽ അവരുടെ വിശ്വാസം ക്രിസ്ത്യൻ വിശ്വാസം പോലെയാകുന്നു ! ഇക്കാരണത്താലാണ് അജ്ഞരായ മുസ്ലിംകളിൽ വളരെയധികം പേർ ക്രിസ്തുമതം സ്വീകിരിക്കുന്നത്, എന്നാൽ ഈ ബിദ്അത്തിന്റെ ആൾക്കാർക്ക് അത് ഒരു പ്രശ്നമേ അല്ല !

(നിങ്ങൾ നിങ്ങളുടെ കണ്ണുകൾ തുറക്കുക) അല്ലെയോ മുസ്ലിം സഹോദരന്മാരെ ! സഹോദരിമ്മാരെ ! ഈസ (അ) ആകാശത്തിൽ ജീവിച്ചിരിക്കുന്നു എന്നതും നമ്മുടെ മഹാനായ പ്രവാചകൻ മുഹമ്മദ് (സ) ഇവിടെ താഴെ ഭൂമിയിൽ അടക്കം ചെയ്തിരിക്കുകയും ചെയ്തിരിക്കുന്നു എന്നുമുള്ള വിശ്വാസം നമ്മിൽ ധാർമ്മികരോഷം ഉളവാക്കേണ്ടതല്ലേ ? ഈ ഉലമാക്കുളുടെ വഴികേടിൽ നിന്നും അല്ലാഹു (ത) നമ്മെ കാത്തുരക്ഷിക്കട്ടെ ! അവർ മുസ്ലിംകളെ നിത്യനരകത്തിലേക്കാണ് നയിക്കുന്നത് ! ആമീൻ

Translated by:
Mukarram R. Jamaludin Raother
Amir Jamaat Ul Sahih Al Islam
South Zone, Kerala,
Ph : 9447001832, 0475-2220223
E-mail: jamal.raother@gmail.com
Web: www.jamaat-ul-sahih-al-islam.com